# Phone call between Prime Minister Shri NarendraModi and H.E. Mr. Benjamin Netanyahu, Prime Minister of Israel

October 05, 2020

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും ഇസ്രായേല്‍ പ്രധാനമന്ത്രി ശ്രീ ബെഞ്ചമിന്‍ നെതന്യാഹുവും തമ്മിലുള്ള ടെലിഫോണ്‍ സംഭാഷണം

ഒക്ടോബര്‍ 05, 2020

പ്രധാനമന്ത്രി നരേന്ദ്ര മോഡി ഇന്ന് ഇസ്രായേല്‍ പ്രധാനമന്ത്രി ശ്രീ ബെഞ്ചമിന്‍ നെതന്യാഹുവുമായി സംസാരിച്ചു.

ജൂദ പുതുവര്‍ഷം , ജൂദന്മാരുടെ സുക്കൂട്ട് ആഘോഷം എന്നിവയോടനുബന്ധിച്ചു പ്രധാനമന്ത്രി മോഡി പ്രധാനമന്ത്രി നെതന്യാഹുവിനും ഇസ്രായേലിലെ ജനതയ്ക്കും ആശംസകള്‍ അറിയിച്ചു.

കോവിഡ്-19 പകര്‍ച്ചവ്യാധിയുടെ പശ്ചാത്തലത്തിലും, ഗവേഷണ മേഖല, രോഗനിര്‍ണയ ഉപകരണങ്ങള്‍, വാക്സിന്‍ നിര്‍മാണം എന്നിവയുടെ പരീക്ഷണ മേഖല തുടങ്ങി ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതി അനുകൂലമായ രീതിയില്‍ നേതാക്കള്‍ വിലയിരുത്തി. ഇരു രാജ്യങ്ങളിലെയും ജനതയ്ക്ക് ഉപകാരപ്രദമാകുന്നതിനു മാത്രമല്ല മറിച്ച് മാനവരാശിയ്ക്കു തന്നെ ഗുണം നല്‍കുന്ന രീതിയില്‍ ഇത്തരം പ്രധാനമേഖലകള്‍ക്ക് പ്രധാനയമുണ്ടെന്നു അവര്‍ അനുകൂലിച്ചു.

ജലം, കാര്‍ഷികം, ആരോഗ്യം, വ്യവസായം നൂതന സംരംഭങ്ങള്‍ കൂടാതെ കണ്ടുപിടുത്തങ്ങള്‍ എന്നിവയില്‍ തുടര്‍ന്ന് കൊണ്ടിരിക്കുന്ന സഹകരണം വിലയിരുത്തുകയും ഇത്തരം ബന്ധങ്ങള്‍ കൂടുതല്‍ ദൃഢപ്പെടുത്തുന്നതിനുള്ള വഴികള്‍ ചര്‍ച്ച ചെയ്യുകയും ചെയ്തു.

ഉയര്‍ന്നു വരുന്ന പ്രാദേശികവും ആഗോളവുമായ വെല്ലുവിളികള്‍ നേരിടുന്നതിനും അവസരങ്ങള്‍ കണ്ടെത്തുന്നതിനും കൂടാതെ ശക്തമായ ഉഭയകക്ഷി പങ്കാളിത്തം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നിര്‍ദേശങ്ങള്‍ക്കുമായുള്ള വിലയിരുത്തലുകള്‍ പങ്കുവയ്ക്കുന്നതിനു സ്ഥിരമായ പര്യാലോചനകള്‍ തുടരുന്നതിനു നേതാക്കള്‍ അനുകൂലിച്ചു.

**ന്യൂ ഡല്‍ഹി**
**05 ഒക്ടോബര്‍, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.